**കണ്ണൂർ സർവ്വകലാശാല**
**സ്കൂൾ ഓഫ് ലൈഫ് ലോംങ് ലേണിങ്**
**സെന്റർ ഫോർ പ്രൈവറ്റ് രജിസ്ട്രേഷൻ**

SLL1/SLL1- II/13/2024 കണ്ണൂർ, തീയതി: 09.07.2026

**പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്ന് വർഷ ബിരുദം (FYUGP പാറ്റേൺ) നാലാം സെമസ്റ്റർ വിദ്യാർഥികൾക്കു ഇന്റേൺഷിപ് പൂർത്തിയാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ (സംക്ഷിപ്തം)**

വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന രണ്ട് വ്യത്യസ്ത ഇന്റേൺഷിപ്പ് മാർഗ്ഗങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം:

## A. പ്രവൃത്തിപരിചയ അധിഷ്ഠിത ഇന്റേൺഷിപ്പ് (Work Experience)

വ്യവസായ മേഖലകളിൽ പ്രായോഗിക പരിചയവും തൊഴിൽ നൈപുണ്യവും നേടാൻ ആഗ്രഹിക്കുന്നവർക്ക് Work Experience തിരഞ്ഞെടുക്കാം.

അല്ലെങ്കിൽ

## B. ഗവേഷണ കേന്ദ്രീകൃത ഇന്റേൺഷിപ്പ് (Research-Focused Internship)

അക്കാദമിക് ഗവേഷണം, ഡാറ്റാ വിശകലനം, സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയിൽ താൽപര്യമുള്ളവർക്ക് Research-focused- Internship തിരഞ്ഞെടുക്കാം.

ഏത് വിഭാഗം തിരഞ്ഞെടുക്കുകയാണെങ്കിലും, ഇന്റേൺഷിപ്പ് 2 ക്രെഡിറ്റുള്ള ഒരു കോഴ്സ് ഘടകമായിരിക്കും. അതിനായി കുറഞ്ഞത് 90–120 മണിക്കൂർ അല്ലെങ്കിൽ 15–20 ദിവസത്തെ ഹാജർ ഇന്റേർൺഷിപ്പിൽ ആവശ്യമാണ്.

## Scope and Placement

വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന വിഷയ മേഖലകളിൽ ഇന്റേൺഷിപ്പ് ചെയ്യാവുന്നതാണ്:

• Major Discipline
• Minor Discipline
• Interdisciplinary/ Allied Disciplines

ഇന്റേർൺഷിപ്പ് ചെയ്യുന്നതിലേക്കായി സർവ്വകലാശാല ഔദ്യോഗികമായി അംഗീകരിച്ച വിഭാഗങ്ങളിൽ പെടുന്ന സ്ഥാപനങ്ങളിലോ സംഘടനകളിലോ വ്യക്തികളുടെ കീഴിലോ മാത്രമേ ഇന്റേർൺ ഷിപ്പ് നടത്താവൂ.
നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമാണ് ഇന്റേൺഷിപ്പ് ചെയ്യാൻ അർഹതയുള്ളത്.

**ഇന്റേൺഷിപ്പിന്റെ കാലാവധിയും സമയക്രമവും**

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 1

• കുറഞ്ഞത് 90 മുതൽ 120 മണിക്കൂർ വരെ അല്ലെങ്കിൽ 15 മുതൽ 20 ദിവസം വരെ തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഹാജരായി പ്രവർത്തിക്കണം.

• നാലാം സെമസ്റ്റർ പരീക്ഷ അവസാനിച്ച് ഒരു മാസത്തിനുള്ളിൽ ഇന്റേർൺ ഷിപ്പ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. .

• നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് മാത്രമേ Internship Completion Certificate സമർപ്പിക്കാൻ കഴിയൂ.

**<u>രജിസ്ട്രേഷനും അംഗീകൃത സ്ഥാപനങ്ങളും</u>**

**A. <u>പ്രവൃത്തിപരിചയ അധിഷ്ഠിത ഇന്റേൺഷിപ്പ്</u> (Work Experience)**

പ്രായോഗിക വ്യവസായ പരിചയവും തൊഴിൽ നൈപുണ്യവും നേടുന്നതിനായി വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യാം:

(i) സർവകലാശാലകളുമായി അഫിലിയേറ്റ് ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാല Teaching Departments.
(ii) കേന്ദ്ര സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ (IITs/ NITs/ IISERs/ IIMs/ Central Universities)
(iii) ദേശീയ ഗവേഷണ ലബോറട്ടറികൾ (CSIR, DRDO, ISRO, DST, DBT etc)
(iv) NATS/NAPS അല്ലെങ്കിൽ സമാന കേന്ദ്ര ഏജൻസികളിൽ രജിസ്റ്റർ ചെയ്ത വ്യവസായ സ്ഥാപനങ്ങൾ.
(v) NSDC പോലുള്ള കേന്ദ്ര ഏജൻസികൾ അംഗീകരിച്ച സർക്കാർ/സ്വകാര്യ Skill Training Centres.
(vi) പഞ്ചായത്ത് രാജ് സംവിധാനത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.
(vii) സാമൂഹിക, സാമ്പത്തിക, കാർഷിക, സാംസ്കാരിക, വിദ്യാഭ്യാസ സർവേകൾ നടത്തുന്നതിനുള്ള Higher Education Institutions (HEIs).
(viii) സർക്കാർ രജിസ്ട്രേഷൻ ഉള്ള Micro, Small, Medium Enterprises (MSMEs).
(ix) സർക്കാർ രജിസ്ട്രേഷൻ ഉള്ള അച്ചടി മാധ്യമങ്ങളും ദൃശ്യ മാധ്യമങ്ങളും.
(x) ദേശസാൽകൃത ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ.
(xi) സർക്കാർ അംഗീകൃത IT പാർക്കുകളും സ്ഥാപനങ്ങളും.
(xii) കൂടാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിലോ വ്യക്തികളുടെ കീഴിലോ സ്കൂൾ ഓഫ് ലൈഫ് ലോങ്ങ് വിഭാഗത്തിന്റെ അംഗീകാരത്തിനു വിധേയമായി ഇന്റേൺഷിപ്പ് നടത്താവുന്നതാണ്.

• സാമൂഹിക സംഘടനകൾ
• കലാകാരന്മാർ, കരകൗശല വിദഗ് ധർ അല്ലെങ്കിൽ പ്രൊഫഷണൽ വ്യക്തികൾ/സ്ഥാപനങ്ങൾ
• ഗവേഷണ ലാബുകൾ
• വയോജന വിദ്യാഭ്യാസ സ്ഥാപനങ്ങൾ
• കമ്മ്യൂണിറ്റി സർവീസ് സ്ഥാപനങ്ങൾ
• സ്ഥാപനം / സംരംഭം / സ്റ്റാർട്ടപ്പുകൾ / കോർപ്പറേറ്റ് സ്ഥാപനങ്ങൾ
• കൃഷിയിടങ്ങൾ
• NGOകൾ
• ഗവേഷണ-വികസന സ്ഥാപനങ്ങൾ
• സാമ്പത്തിക-ബാങ്കിംഗ് മേഖല
• വ്യാപാര-കാർഷിക മേഖല
• നിയമ സേവന മേഖല

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 2

• ലോജിസ്റ്റിക്സ് മേഖല / ഓട്ടോമൊബൈൽ മേഖല / മൂലധനോപകരണങ്ങൾ
• ഐടി/ ഐ.ടി. എംബെഡഡ് സേവനങ്ങൾ/ ഇലക്ട്രോണിക്സ് മേഖല
• ആരോഗ്യ മേഖല / ലൈഫ് സയൻസ് മേഖല
• കായികം, വെൽനെസ്, ഫിസിക്കൽ എഡ്യൂക്കേഷൻ
• ടൂറിസം / ഹോസ്പിറ്റാലിറ്റി മേഖല
• പരിസ്ഥിതി മേഖല
• ഡിജിറ്റലൈസേഷൻ മേഖല , ഉയർന്നുവരുന്ന സാങ്കേതികവിദ്യകൾ (IoT / Artificial Intelligence (AI) / Data Science (DS) / Machine Learning (ML) / AR/VR സാങ്കേതികവിദ്യകൾ etc)
• ഉപഭോക്തൃ ഉൽപ്പന്നങ്ങൾ , റീട്ടെയിൽ മേഖല
• ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ
• കരകൗശല മേഖല , കല, ഡിസൈൻ, സംഗീതം
• സ്കൂൾ വിദ്യാഭ്യാസം , ഉന്നത വിദ്യാഭ്യാസം
• സുസ്ഥിര വികസനം (Sustainable Development)
• കൊമേഴ്സ് & ട്രേഡ്
• അനുയോജ്യമായ മറ്റ് സ്ഥാപനങ്ങൾ/സംഘടനകൾ.

<u>പ്രധാന നിബന്ധന</u>

സ്വകാര്യ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യുകയാണെങ്കിൽ, ആ സ്ഥാപനത്തിന് അതത് മേഖലയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം.ഇത് സംബന്ധിച്ച് പ്രസ്തുത സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രം ഇന്റേർൺഷിപ്പ് റിപ്പോർട്ടിനൊപ്പം സമർപ്പിക്കേണ്ടതാണ്.

**B. ഗവേഷണ കേന്ദ്രീകൃത ഇന്റേൺഷിപ്പ് (Research-Focused Internship)**

(i) ഗവേഷണ ലബോറട്ടറികളിലോ വ്യവസായ ഗവേഷണ കേന്ദ്രങ്ങളിലോ ഇന്റേൺഷിപ്പ് ചെയ്യാം. പഠനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആ സ്ഥാപനത്തിനുണ്ടായിരിക്കണം. വിദ്യാർത്ഥികൾക്ക് സംസ്ഥാന/കേന്ദ്ര സർക്കാർ ഏജൻസികൾ നടത്തുന്ന Centres of Excellence, ലബോറട്ടറികൾ എന്നിവയും ഉപയോഗിക്കാം.
(ii) ഗവേഷണ ഇന്റേൺഷിപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ:
• സാങ്കേതിക നൈപുണ്യ വികസനം
• ഡാറ്റ ശേഖരണം
• ഗവേഷണ രീതിശാസ്ത്രങ്ങളുടെ പ്രയോഗം വിദ്യാർത്ഥിയുടെ പഠന മേഖലയുമായി ബന്ധപ്പെട്ടിരിക്കണം.
(iii) ഗവേഷണ പ്രവർത്തനങ്ങൾക്ക് യോഗ്യതയുള്ള അതാത് സ്ഥാപനങ്ങളിലെ ഒരുResearch Mentor-ന്റെ നേരിട്ടുള്ള മേൽനോട്ടം നിർബന്ധമാണ്.

**<u>യോഗ്യതയുള്ള മെന്റർമാർ:</u>**

• Ph.D. ഉള്ള അധ്യാപകർ
• വകുപ്പ് തലത്തിൽ പ്രവർത്തിക്കുന്ന Post-Doctoral Fellows.
(iv) ഗവേഷണ പദ്ധതികൾ Internship Supervisor പരിശോധിക്കുകയും അംഗീകരിക്കുകയും വേണം. ഇത് 2 ക്രെഡിറ്റ് ആവശ്യകതകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>ഇന്റേൺഷിപ്പിനുള്ള ഫീസ്</u>**

ഇന്റേൺഷിപ്പിന്റെ മേൽനോട്ടത്തിനും മൂല്യനിർണയത്തിനുമായി സർവ്വകലാശാല നിശ്ചയിക്കുന്ന ഫീസ് ഓരോ

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 3

വിദ്യാർത്ഥിയും ഒടുക്കേണ്ടതാണ്.വിദ്യാർത്ഥികൾ സ്വന്തം താൽപര്യപ്രകാരം സ്കൂൾ ഓഫ് ലൈഫ്‌ലോംഗ് ലേണിംഗ് അംഗീകരിച്ച സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് തിരഞ്ഞെടുക്കണം.

## Internship Supervisor

ആരെയൊക്കെ Supervisor ആക്കാം?

**കണ്ണൂർ സർവകലാശാലയുടെ:**

- University Teaching Departments-ലെ അധ്യാപകർ
- അഫിലിയേറ്റഡ് കോളേജുകളിലെ അധ്യാപകർ

എന്നിവരിൽ ആരെയും Internship Supervisor ആയി തിരഞ്ഞെടുക്കാം.

## Internship Supervisor-ന്റെ ചുമതലകൾ

**1. മാർഗ്ഗനിർദ്ദേശം:**

വിദ്യാർത്ഥിയുടെ താൽപര്യമേഖല കണ്ടെത്താനും അനുയോജ്യമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാനും സഹായിക്കുക.

**2. മേൽനോട്ടം:**

ഇന്റേൺഷിപ്പ് കാലയളവിൽ വിദ്യാർത്ഥിയുടെ പുരോഗതി നിരീക്ഷിക്കുക.

**3. രേഖകൾ സൂക്ഷിക്കൽ:**

- സ്ഥാപനത്തിന്റെ സമ്മതപത്രം
- Mentor Evaluation Report
- Final Internship Report

എന്നിവ സൂക്ഷിക്കുക.

**4. മെന്ററുമായുള്ള യോഗം:**

കുറഞ്ഞത് ഒരു ഔദ്യോഗിക യോഗമെങ്കിലും (ഓൺലൈൻ/ഓഫ്-ലൈൻ) Internship Mentor-നൊപ്പം നടത്തണം.

**5. മൂല്യനിർണയം:**

ഇന്റേർൺഷിപ്പ് റിപ്പോർട്ട് പരിശോധിച്ച് വിലയിരുത്തുന്നതോടൊപ്പം Mentor-ന്റെ അഭിപ്രായം കൂടിപരിഗണിച്ച് വിദ്യാർത്ഥിക്ക് മാർക്ക്/ഗ്രേഡ് നൽകണം.

ലഭിച്ച മാർക്ക് ഡയറക്ടർ, സ്കൂൾ ഓഫ് ലൈഫ്‌ലോംഗ് ലേണിംഗ് മുഖേന പരീക്ഷാ കോൺട്രോളറെ അറിയിക്കണം.

## Internship Mentor

ഇന്റേൺഷിപ്പ് നടത്തുന്ന സ്ഥാപനത്തിൽ ഒരു Internship Mentor ഉണ്ടായിരിക്കണം.

**മെന്ററുടെ ചുമതലകൾ:**

- വിദ്യാർത്ഥിയുടെ ഹാജർ നിരീക്ഷിക്കുക
- പ്രവർത്തനങ്ങൾ വിലയിരുത്തുക
- പ്രകടന റിപ്പോർട്ട് തയ്യാറാക്കുക
- റിപ്പോർട്ട് Internship Supervisor-ന് സമർപ്പിക്കുക.

## വിദ്യാർത്ഥിയുടെയും രക്ഷിതാവിന്റെയും Declaration

രക്ഷിതാവിന്റെ അനുമതിയോടെയാണ് ഇന്റേൺഷിപ്പ് ചെയ്യേണ്ടത്. Annexure1-ൽ നൽകിയിരിക്കുന്ന Declaration Form പൂരിപ്പിച്ച് ഇന്റേൺഷിപ്പ് ആരംഭിക്കുന്നതിന് മുമ്പ് സ്ഥാപനത്തിൽ സമർപ്പിക്കണം.

## Internship Report

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 4

ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ ശേഷം, Annexure-2 ൽ നൽകിയിരിക്കുന്ന മാതൃക പ്രകാരം വിദ്യാർഥി ഇന്റേൺഷിപ്പ് റിപ്പോർട്ട് തയ്യാറാക്കി സൂപ്പർവൈസർക്ക് സമർപ്പിക്കണം. ഇന്റേൺഷിപ്പ് റിപ്പോർട്ട് **ഇംഗ്ലീഷിലോ മലയാളത്തിലോ** ടൈപ്പ് ചെയ്ത് തയ്യാറാക്കാവുന്നതാണ്. നിശ്ചിത മാതൃകയിലുള്ള ഇന്റേൺഷിപ്പ് റിപ്പോർട്ടിന്റെ കവർ ഷീറ്റിനോടൊപ്പം റിപ്പോർട്ട് ഇന്റേൺഷിപ്പ് സൂപ്പർവൈസർക്ക് സമർപ്പിക്കേണ്ടതാണ്.

**<u>Internship Report-ൽ ഉൾപ്പെടുത്തേണ്ട ഭാഗങ്ങൾ</u>**

### 1. Covering Sheet

ഉൾപ്പെടുത്തേണ്ട വിവരങ്ങൾ:

- വിദ്യാർത്ഥിയുടെ പേര്
- രജിസ്റ്റർ നമ്പർ
- ഫീസ് വിവരങ്ങൾ
- Internship Supervisor-ന്റെ പേര്, വിലാസം

### 2. Cover Page

- ഇന്റേൺഷിപ്പ് ശീർഷകം
- വിദ്യാർത്ഥിയുടെ പേര്
- യൂണിവേഴ്സിറ്റി രജിസ്റ്റർ നമ്പർ
- അധ്യയന വർഷം
- കോളേജ്/ഡിപ്പാർട്ട്മെന്റ് വിവരങ്ങൾ

### 3. റിപ്പോർട്ടിന്റെ ഉള്ളടക്കം

1. Acknowledgement
2. Declaration by the candidate
3. Internship Completion Certificate
4. Introduction
5. Internship Objectives
6. Work Register
7. Works Undertaken
8. Skills Acquired
9. Challenges and Solutions
10. Conclusion
11. Annexures , if any

**<u>Internship Certificate</u>**

ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് Host Institution-ന്റെ മേധാവിയോ അധികാരപ്പെട്ട വ്യക്തിയോ നൽകണം. സർട്ടിഫിക്കറ്റിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടത്:

- വിദ്യാർത്ഥിയുടെ പേര്
- ഇന്റേൺഷിപ്പ് കോഴ്സിന്റെ പേര്
- സ്ഥാപനത്തിന്റെ പേര്
- ചെയ്ത ജോലിയുടെ സ്വഭാവം
- ആകെ ദിവസങ്ങൾ
- ആകെ മണിക്കൂറുകൾ

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 5

ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് സാധുവാകാൻ താഴെപ്പറയുന്നവരുടെ ഒപ്പുകൾ വേണം:

1. Internship Mentor
2. Internship Supervisor
3. Host Institution Head.

## Work Register

ഇന്റേൺഷിപ്പ് കാലയളവിൽ ഓരോ വിദ്യാർത്ഥിയും നിർബന്ധമായും ഒരു Work Register സൂക്ഷിക്കണം. അതിൽ അവരുടെ ദൈനംദിന പ്രവർത്തനങ്ങളെ കുറിച്ച് തീയതി ചേർത്ത് നിരന്തരം രേഖപ്പെടുത്തണം. ഇന്റേൺഷിപ്പ് മെന്റർ പുരോഗതി നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ ഇടയ്ക്കിടെ പരിശോധിച്ച് കൗണ്ടർസൈൻ ചെയ്യേണ്ടതാണ്.

### ഇന്റേൺഷിപ്പ് മൂല്യനിർണയം (Assessment)

ഇന്റേൺഷിപ്പിന് 2 ക്രെഡിറ്റും 50 മാർക്കും ഉണ്ട്.

Internship Supervisor, Internship Mentor-ന്റെയും Host Institution Head-ന്റെയും അഭിപ്രായം പരിഗണിച്ചാണ് മൂല്യനിർണയം നടത്തുക.

### മാർക്ക് വിഭജനം

| ഘടകം | ശതമാനം |
|---|---|
| Work Register Daily maintenance | 20% |
| Feedback from the Internship Mentor | 25% |
| Internship Report (content and quality) | 25% |
| Digital Competency (skill of understanding and using digital tools and technology | 10% |
| Presentation & Viva (before the Internship Supervisor) | 20% |
| | **100%** |

ഇന്റേൺഷിപ്പ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിനായി, വിദ്യാർത്ഥി 35% മാർക്ക് (കുറഞ്ഞ ഗ്രേഡ് പോയിന്റ് 4) നേടേണ്ടതാണ്

## Improvement/Revaluation

ഇന്റേൺഷിപ്പ് മൂല്യനിർണ്ണയം അന്തിമമായി നിശ്ചയിച്ച ശേഷം, മാർക്കുകൾ മെച്ചപ്പെടുത്തുന്നതിനോ പുനർമൂല്യനിർണ്ണയത്തിനോ (revaluation) യാതൊരു വ്യവസ്ഥയും ഉണ്ടായിരിക്കുന്നതല്ല.

### സുരക്ഷയും സംരക്ഷണവും

Host Institution-ന്റെ ഉത്തരവാദിത്തങ്ങൾ:

- വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുക
- തൊഴിൽപരമായ മാന്യത ഉറപ്പാക്കുക
- ചൂഷണം, പീഡനം, ദുരുപയോഗം എന്നിവയിൽ നിന്ന് വിദ്യാർത്ഥികളെ സംരക്ഷിക്കുക

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 6

**പരാതിപരിഹാരം**

ഇന്റേൺഷിപ്പ് കാലയളവിൽ ഉണ്ടാകുന്ന ഏതെങ്കിലും പ്രശ്നങ്ങൾ ഇന്റേൺഷിപ്പ് സെൽ പരിഹരിക്കും, അതേസമയം ഇന്റേൺഷിപ്പ് മാർക്കുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർവകലാശാലയുടെ Grievance Redressa Cell കൈകാര്യം ചെയ്യും.

## Extension and Deadline

പ്രത്യേക സാഹചര്യങ്ങളിൽ സ്കൂൾ ഓഫ് ലൈഫ്ലോംഗ് ലേണിംഗിന്റെ ഡയറക്ടറുടെ മുൻകൂർ അനുമതിക്ക് വിധേയമായി, ആറാം സെമസ്റ്റർ അവസാനിക്കുന്നതിന് മുൻപ് ഒരു വിദ്യാർത്ഥിക്ക് ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ അനുമതി നൽകുന്നതാണ്. ഇന്റേൺഷിപ്പ് യഥാർത്ഥത്തിൽ എപ്പോഴാണ് പൂർത്തിയാക്കിയതെന്ന് പരിഗണിക്കാതെ, എല്ലാ വിദ്യാർത്ഥികളും നാലാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുകയും ഇന്റേൺഷിപ്പ് ഫീസ് അടയ്ക്കുകയും വേണം.

**(ഒപ്പ് /-)**

Dr. N K Deepak

Director incharge (SLL)

General Form of File SLL1/SLL1- II/13/2024 Approved by Director incharge (SLL) on 09-Jul-2026 03:41 PM - Page 7